**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 141** **10-06-2024 - ൽ മറുപടിയ്ക്ക്**

**ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ എത്ര പോലീസ് സ്റ്റേഷനുകളിലാണ് ശിശു സൗഹൃദ കേന്ദ്രം ഉൾപ്പെടുന്നതെന്നും ഇവയിലൂടെ കുട്ടികൾക്ക് പോലീസിന്റെ മഹത്വം മനസ്സിലാക്കാനുള്ള എന്തൊക്കെ അവസരങ്ങളാണ് നടപ്പാക്കിവരുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | **സംസ്ഥാനത്തെ 148 പോലീസ് സ്റ്റേഷനുകൾ നിലവിൽ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകളായി പ്രവർത്തിച്ചു വരുന്നുണ്ട്. കുട്ടികൾക്കും കുട്ടികളുടെ രക്ഷകർത്താവിനും അല്ലെങ്കിൽ കുട്ടികളെ സംബന്ധിച്ച പ്രശ്നവുമായി വരുന്ന ഏതൊരാൾക്കും സധൈര്യം സമീപിക്കുവാൻ കഴിയുന്ന തരത്തിൽ ആണ് ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിച്ചു വരുന്നത്. കുട്ടികളോട് സ്നേഹ പ്രചോദിതമായ രീതിയിൽ പങ്കാളിത്ത മാതൃകയിൽ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തിക്കൊണ്ടാണ് ശിശു സൗഹൃദ സ്റ്റേഷനുകളുടെ പ്രവർത്തനം ക്രമീകരിച്ചിട്ടുള്ളത്. ഓരോ മാസവും വിവിധ സ്കൂളുകളിൽ നിന്നുള്ള കുട്ടികൾക്ക് ഇത്തരം പോലീസ് സ്റ്റേഷനുകൾ സന്ദർശിക്കാനും, സാമൂഹ്യ പ്രസക്തിയുള്ള വിഷയങ്ങളെ ആസ്പദമാക്കി വിവിധ ക്യാമ്പയിനുകൾ, കലാ - കായിക വിനോദ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും തുടങ്ങി നിരവധി അവസരങ്ങളാണ് കുട്ടികൾക്കായി ലഭിക്കുന്നത്. കുട്ടികളും പോലീസും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും കുട്ടികൾക്ക് പോലീസിനോടുള്ള മനോഭാവം മാറ്റുന്നതിനും ഉതകുന്ന തരത്തിൽ നിരവധി പ്രവർത്തനങ്ങൾ ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ മുഖേന നടത്തി വരുന്നു.** |
| (ബി) | അഗതികൾക്ക് എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകി വരുന്നതും മത്സര പരീക്ഷകളിൽ വിജയിക്കാൻ പരിശീലനം നൽകി വരുന്നതും പൊതു വായനശാലകൾ നടത്തി വരുന്നതുമായ പോലീസ് സ്റ്റേഷനുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | **അഗതികൾക്ക് എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകി വരുന്നത് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ നിന്നാണ്. തൃശ്ശൂർ പേരമംഗലം പോലീസ് സ്റ്റേഷനിലും, കണ്ണൂർ സിറ്റി പോലീസ് ജില്ലയിലെ തലശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിലും മത്സര പരീക്ഷകളിൽ വിജയിക്കാൻ പരിശീലനം നൽകി വരുന്നുണ്ട്. വയനാട് ജില്ലയിലെ മേപ്പാടി, പടിഞ്ഞാറത്തറ, തിരുനെല്ലി എന്നീ പോലീസ്** |

| | | | |
|---|---|---|---|
| | | | **സ്റ്റേഷനുകളിൽ പൊതു വായനശാലകൾ ഏർപ്പെടുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ